(ജി) നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും അനുസരണമായി എല്ലാ അപേക്ഷകളും പരിഗണിക്കുന്നതാണ്.

ഹൈസ്കൂൾ അസിസ്റ്റന്റുമാരെ എ. ഇ. ഒ. മാരായി നിയമിക്കാൻ നടപടി

963 [1159] ശ്രീ. എ. വി. അബ്ദുറഹ്മാൻ ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ കേരളത്തിൽ എത്ര ഹൈസ്കൂൾ അസിസ്റ്റന്റുമാരെ എ. ഇ. ഒ. മാരായി നിയമിച്ചിട്ടുണ്ട്;

(ബി) ഇങ്ങനെ നിയമിച്ച എ. ഇ. ഒ. മാർക്ക് അധികാരമോ ജോലിയോ നൽകിയിട്ടില്ലെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) വളരെക്കാലം എ. ഇ. ഒ. മാരായി ജോലിനോക്കിയ ഈ ഓഫീസർമാരുടെ സേവനം വേണ്ടവിധം ഉപയോഗപ്പെടുത്താൻ ഉടനടി ആവശ്യമായ നടപടി കൈക്കൊള്ളാൻ ദയവുണ്ടാകുമോ?

ഉത്തരം

(എ) 57.

(ബി) ഇത് ശരിയല്ല. അതായതു ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെ ഭരണപരമായ കാര്യങ്ങളിലും അക്കാഡമിക് കാര്യങ്ങളിലും സഹായിക്കുക എന്ന ജോലി അവർക്ക് നൽകിയിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ എ. ഇ. ഒ. മാരുടെ സേവനം വേണ്ടവിധത്തിൽ ഇപ്പോഴും തന്നെ പ്രയോജനപ്പെടുത്തിവരുന്നുണ്ട്.

അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ യോഗ്യത

964 [1160] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ നിയമിക്കപ്പെടുന്ന അദ്ധ്യാപകർക്ക് ഇന്ന നിശ്ചിത യോഗ്യത ആവശ്യമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ വിഭാഗത്തിനും വേണ്ട അദ്ധ്യാപകരുടെ യോഗ്യത എന്താണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രൈവറ്റ് സ്കൂൾ അദ്ധ്യാപക നിയമനത്തിന് ബാധകമായ എല്ലാ യോഗ്യതകളും അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകനിയമനത്തിനും ബാധകമാണ്.

LIBRARY ARCHIVES Kerala Legislative Assembly